# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4464 — 13.11.2019-ൽ മറുപടിയ്ക്ക്

### നഗര കേന്ദ്രീകൃത വനവൽക്കരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വായു മലിനീകരണം തടയാൻ ഊർജ്ജിത നഗര കേന്ദ്രീകൃത വനവൽക്കരണ പദ്ധതികൾ ആവശ്യമാണെന്ന് കരുതുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | എ) കരുതുന്നുണ്ട്. വായുമലിനീകരണം തടയാൻ ഊർജ്ജിത നഗരകേന്ദ്രീകൃത വനവൽക്കരണ പദ്ധതികൾ ആവശ്യമാണ്. സംസ്ഥാനത്ത് സോഷ്യൽ ഫോറസ്ട്രി വിഭാഗം അർബൻ ഫോറസ്ട്രി എന്ന പദ്ധതിയിലൂടെ വിവിധ ഏജൻസികളുടെ സഹായത്തോടെ തലസ്ഥാന നഗരത്തെ ഹരിതനഗരമാക്കുന്നതിനുള്ള പദ്ധതി 2014-ൽ ആരംഭിച്ചിരുന്നു. നഗരങ്ങളിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും ഹരിതാഭമാക്കുന്നതിനുമായിട്ടാണ് അർബൻ ഫോറസ്ട്രി പദ്ധതി രൂപീകരിച്ചത്. ഇപ്രകാരം വിവിധ വകുപ്പുകളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ വൃക്ഷതൈകൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്. |
| ബി) നഗര പ്രദേശങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ മരങ്ങൾ വളർത്തി ചെറുവനങ്ങൾ ഉണ്ടാക്കുവാൻ ഉതകുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | ബി) നഗരപ്രദേശങ്ങളിൽ ചെറുവനങ്ങൾ ഉണ്ടാക്കുവാനുള്ള നടപടികൾ വനം വകുപ്പിന്റെ പരിഗണനയിലുണ്ട്. നിലവിൽ വനം വകുപ്പ് നേരിട്ടും, വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതി, എന്നിവയുമായി സംയുക്തമായും പൊതു സ്ഥലങ്ങളിൽ തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ വർഷം ഇപ്രകാരം നട്ടുപിടിപ്പിക്കുന്നതിനായി 3,00,000 വലിയ കൂടതൈകൾ വനം വകുപ്പ് ഉപയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ